Volume: 2, Issue:10

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂൺ 14 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ജനകീയ ഹോട്ടൽ

**കെ വി ഹർഷ**




*അങ്ങാടിക്കടവ് ജനകീയ ഹോട്ടൽ*

കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട് അങ്ങാടിക്കടവ് ജനകീയ ഹോട്ടൽ. പഞ്ചായത്ത് അധികൃതരിൽ നിന്നുള്ള അവഗണനയും അവശ്യ സാധനങ്ങളുടെ വിലവർദ്ധനവുമാണ് ഹോട്ടലിനെ ഇപ്പോൾ സാരമായി ബാധിച്ചിരിക്കുന്നത്. ലക്ഷങ്ങൾ കടബാധ്യതയുള്ള ഹോട്ടലിന് നിലവിൽ വരുമാനം ലഭിക്കുന്നത് ഊണുകഴിക്കാനെത്തുന്ന ഡോൺ ബോസ്കോ കോളജ് വിദ്യാർഥികളിലും നാട്ടുകാരിൽ നിന്നും മാത്രമാണ്.

വിശപ്പ് രഹിതമായ സമൂഹമെന്ന സംസ്ഥാന സർക്കാരിന്റെ വെൽഫെയർ സ്കീമായാണ് ജനകീയ ഹോട്ടൽ എന്ന ആശയം നിലവിൽ വന്നത്. 2001 ൽ തേജസ്സ് കുടുംബശ്രീ അംഗങ്ങളായ രമ വടവതി, രതി വടവതി, സുലോചന കുട്ടപ്പൻ , മോളി ജോസ്, തുടങ്ങിയവർ ചേർന്ന് ലോൺ എടുത്ത് ആരംഭിച്ച ഹോട്ടൽ 2020 ൽ ജനകീയ ഹോട്ടലായി മാറി. അഞ്ച് തൊഴിലാളികൾ ജോലി ചെയ്യുന്ന ഹോട്ടലിൽ ജോലിക്കാർക്ക് നൽകാനുള്ള കൂലി കടം വാങ്ങി നൽകേണ്ട അവസ്ഥയിലാണ് ഇപ്പോൾ.

'സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ ഹോട്ടലിനുവേണ്ടി ആറ് കെട്ടിടങ്ങൾ ലോൺ എടുത്ത് നിർമ്മിക്കേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടുണ്ടായ കട ബാധ്യതകൾ ഇന്നും തീരാത്ത അവസ്ഥയിലാണ്. കൂടെ ജോലി ചെയ്യുന്നവർ സഹകരിക്കുന്നതിനാലും ചുറ്റുമുള്ള ജനങ്ങളുടെ സഹായം കൊണ്ടും മാത്രമാണ് നിലനിന്നുപോകുന്നത്. പഞ്ചായത്തിൽ പ്രശ്നങ്ങൾ പറഞ്ഞെങ്കിലും സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല'. ഹോട്ടൽ ജീവനക്കാരി രമ വടവതി പറഞ്ഞു.

'കോവിഡ് ബാധയുടെ ആദ്യസമയങ്ങളിൽ ക്വാറന്റൈൻ സെന്ററുകളിൽ ഭക്ഷണം നൽകുകയും പഞ്ചായത്ത് പൈസ തരികയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ പഞ്ചായത്ത് ഭരണ സമിതിയുടെ കാലഘട്ടത്തിൽ കോവിഡ് ക്വാറന്റൈൻ സെന്ററായിരുന്ന ഡോൺ ബോസ്കോ കോളേജ് ഹോസ്റ്റലിൽ ക്വാറന്റൈനിൽ കഴിഞ്ഞിരുന്നവർക്ക് മൂന്നു മാസത്തിലേറെ ഭക്ഷണം നൽകിയതിന്റെ പൈസ വർഷങ്ങൾ കഴിഞ്ഞിട്ടും കിട്ടാകടമായി നിലനിൽക്കുകയാണ്. പല പ്രാവശ്യം പഞ്ചായത്ത് അധികൃതരെ സമീപിച്ചിരുന്നെങ്കിലും നിരാശയായിരുന്നു ഫലം'. രമ വടവതി പറഞ്ഞു.

'സാധാരണ ജനകീയ ഹോട്ടലിന്റെ വാടകയും വൈദ്യുതി ചാർജും പഞ്ചായത്താണ് അടച്ചു കൊടുക്കുന്നത്. എന്നാൽ ഞങ്ങൾക്ക് അത്തരം സഹായങ്ങൾ ലഭിക്കുന്നില്ല. അപേക്ഷ നൽകിയെങ്കിലും തീരുമാനം ഒന്നും ഉണ്ടായിട്ടില്ല. സവാള, പച്ചക്കറി, പലവ്യഞ്ജനം തുടങ്ങി അവശ്യ സാധനങ്ങളുടെ വില വർദ്ധനയും നിലനിൽപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്'. ഹോട്ടൽ ജീവനക്കാരി മോളി ജോസ് പറഞ്ഞു.

'ഭൂ ഉടമയിൽ നിന്ന് ലഭിക്കാനുള്ള ലാന്റ് ആന്റ് വാല്യു സെർട്ടിഫിക്കറ്റ് ഹോട്ടൽ ജീവനക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല അത് ലഭിച്ച ഉടൻ പി ഡബ്ല്യൂഡിക്ക് നൽകി ലാന്റ് വാല്യൂ നിശ്ചയിച്ച ശേഷം വാടക തുക നൽകുന്നതാണ്. ഹോട്ടൽ നേരിടുന്ന പ്രതിസന്ധികളെകുറിച്ച് അറിയില്ലായിരുന്നു'. പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ആനുകൂല്യങ്ങൾ നൽകാൻ ആവശ്യമായ രേഖകൾക്ക് വേണ്ടിയുള്ള അപേക്ഷ നൽകിയിട്ടുണ്ട് ധാരാളം രേഖകൾ ആവശ്യമായതിനാലാണ് താമസം നേരിടുന്നത്. 2022-23 വർഷത്തെ വാർഷിക പദ്ധതിയുടെ തിരക്കിലായതിനാൽ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. രേഖകൾ ലഭിച്ചാൽ ഈ വർഷത്തെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ മുടങ്ങിയ മുഴുവൻ തുകയും നൽകാണ് തീരുമാനം. രണ്ട് മാസത്തിനുള്ളിൽ ആവശ്യ മായ നടപടികൾ സ്വീകരിക്കുന്നതാണ്'. പഞ്ചായത്ത് സെക്രട്ടറി കെ സുധീർ പറഞ്ഞു.

## നിർമ്മിച്ച് ഒരു മാസത്തിനുള്ളിൽ റോഡ്തകർന്നു

**എം ജിഷ്ണ ബാലകൃഷ്ണൻ**



*ഒരു മാസത്തിനുള്ളിൽ തകർന്ന മുടയിരിഞ്ഞി - കാപ്പിൽ - പുന്നക്കുണ്ട് - വാണിയപ്പാറ തട്ട് റോഡ്*

മുടയിരിഞ്ഞി: അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിലെ മുടയിരിഞ്ഞി - കാപ്പിൽ - പുന്നക്കുണ്ട് - വാണിയപ്പാറ തട്ട് റോഡ് നിർമാണം പൂർത്തിയായി ഒരു മാസത്തിനുള്ളിൽ തകർന്നു. കഴിഞ്ഞ മാസമാണ് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ വകയിരുത്തി രണ്ടര കിലോമീറ്ററോളം റോഡ് പണി പൂർത്തിയാക്കിയത്. നിർമാണ വേളയിൽ തന്നെ നാട്ടുകാർ റോഡ് നിർമാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളെക്കുറിച്ച് പരാതികൾ ഉന്നയിച്ചിരുന്നു.

'ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുപ്പത് ലക്ഷം രൂപ ഉപയോഗിച്ചാണ് റോഡ് പണി പൂർത്തിയാക്കിയത്, രണ്ട് വർഷങ്ങൾക്ക് മുമ്പ് ഫണ്ട് പാസായിരുന്നെങ്കിലും കോവിഡ്കാല പ്രതിസന്ധി മൂലം പണി നീട്ടി വയ്ക്കേണ്ടിവന്നു. റോഡ് പണിയുന്നതിൽ സംഭവിച്ച അനാസ്ഥയാണ് റോഡ് തകരാൻ കാരണം'. മുടയിരിഞ്ഞി വാർഡ് മെമ്പർ ഫിലോമിന മാണി പറഞ്ഞു.

'റോഡ് പണിയുന്നതിൽ ആവശ്യമായ തോതിലുള്ള സാമഗ്രികൾ ഉപയോഗിക്കുന്നതിൽ വന്ന അനാസ്ഥ മൂലമാണ് റോഡ് ഒരു മാസത്തിനകം ഈ അവസ്ഥയിലെത്താൻ കാരണമായത്. നിർമാണ സമയത്ത് തന്നെയിതു ചൂണ്ടികാണിച്ചിരുന്നു'. പ്രദേശവാസി ജോസ് പനച്ചിക്കൽ കരോട്ട് പറഞ്ഞു.

'കോൺട്രാക്ടറുമായി സംസാരിച്ചിട്ടുണ്ടെന്നും റോഡിന്റെ അറ്റകുറ്റ പണികളിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിച്ച് ഉടൻ തന്നെ പണി തുടങ്ങുമെന്നും സ്ഥലം സന്ദർശിച്ച ജില്ല പഞ്ചായത്ത് മെമ്പർ ഉറപ്പുനൽകിയിട്ടുണ്ട്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

നാട്ടുകാർ സമർപ്പിച്ച പരാതിയെ തുടർന്ന് കണ്ണൂർ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, ജില്ല പഞ്ചായത്ത് മെമ്പർ ലിസി ജോസഫ്, പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ്ലിസി തോമസ്, മെമ്പർമാരായ ഐസക്ക് ജോസഫ്, സെലീന ബിനോയ്, സീമ സനോജ്, തുടങ്ങിയവർ സ്ഥലം സന്ദർശിച്ചിരുന്നു.

**ജേർണലിസം വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകൾ നടക്കുന്നതിനാൽ അടുത്ത ലക്കം അങ്ങാടിപത്രം 12 ജൂലൈ 2022 ന് ആയിരിക്കും.**

**എഡിറ്റർ**

## സംരഭകത്വ ശിൽപശാല സംഘടിപ്പിച്ചു

**ലിഡിയ ജേക്കബ്**



*സംരംഭകത്വ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ*

ജില്ലാ വ്യവസായ വകുപ്പിന്റെയും അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സംരംഭകത്വ ബോധവൽക്കരണ ശിൽപ്പശാല നടന്നു. 'എന്റെ സംരംഭം എന്റെ അഭിമാനം' എന്ന മുദ്രാവാക്യമുയർത്തി 2022-23 സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായാണ് സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുവാൻ ശിൽപ്പശാല നടത്തിയത്. വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുകയാണ് സംരഭക വർഷത്തിന്റെ ലക്ഷ്യം.

'ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി എസ് ടി, നിയമം, മാർക്കറ്റിംഗ്, സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ സംരംഭകരുടെ സംശയങ്ങൾ ദൂരികരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ക്ലിനിക്കുകൾ ആരംഭിക്കുകയും ഒരോ ജില്ലകളിലും വിദഗ്തരുടെ ഒരു പാനൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 1155 ഇന്റേണുകളേയും നിയമിച്ചിട്ടുണ്ട്'. ജില്ലാ വ്യവസായ വികസന ഓഫീസർ കെ കെ പ്രദീപ് പറഞ്ഞു.

'സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനും പുതിയ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുമായി കേരളസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. സംരംഭം ആരംഭിക്കുന്നവർക്ക് കേരളാ ബാങ്ക് വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിക്കും. ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കുകയും ജി ഡി പിയിൽ വർദ്ധനവുണ്ടാക്കുകയാണ് ലക്ഷ്യം'. അയ്യൻകുന്ന് പഞ്ചായത്ത് ഇന്റേൺ സി വി അഖില പറഞ്ഞു.

## എഡിറ്റോറിയൽ

# ശുചിത്വത്തിലൂടെ ആരോഗ്യം

ശുചിത്വം ഒരു സംസ്കാരമാണ്. ശുചിത്വമുള്ള അന്തരീക്ഷം എന്നും മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നും. സാക്ഷരത, ആയുർ ദൈർഘ്യം, വിദ്യാഭ്യാസം തുടങ്ങി പല മേഖലകളിലും ഒന്നാമതായ കേരളം പക്ഷേ പൊതു ശുചിത്വത്തിന്റെ കാര്യത്തിലും പരിസര ശുചിത്വത്തിന്റെ കാര്യത്തിലും അത്രക്ക് മുന്നിലല്ലെന്നത് പേടിപ്പെടുത്തുന്നു.

ശൗചാലയങ്ങൾ പണിതും മാലിന്യ നിർമ്മാർജന സൗകര്യങ്ങൾ ഒരുക്കിയും ശുചിത്വമുള്ള കേരളത്തെ വാർത്തെടുക്കാനുള്ള അധികാരികളുടെ ശ്രമം വലുതാണ്. അവർക്കൊപ്പം സംഘടനകളോ കുറച്ചു ആളുകളോ മാത്രം വിചാരിച്ചാൽ കൈവരിക്കാൻ സാധിക്കുന്ന ഒരു സ്വപ്നമല്ലത്. മാലിന്യ മുക്ത നഗരം ഒരു വിഭാഗത്തിന്റെ മാത്രം ഉത്തരവാദിത്വമല്ല. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. വൃത്തിഹീനമായ ചുറ്റുപാട് ഇന്ന് സർവ്വസാധാരണമാണ്. എന്നാൽ മനുഷ്യന്റെ കപട ശുചിത്വ ബോധം അത് കണ്ടില്ലെന്ന് നടിക്കുകയാണ്. ഇത് മനുഷ്യന്റെ നിലനിൽപ്പിനെതിരെയുള്ള ഏറ്റവും വലിയ വെല്ലുവിളിയാണെന്ന് അവൻ തിരിച്ചറിയുന്നില്ല.

കോവിഡ്-19 ന്റെ കടന്നുവരവ് നമ്മെ ശുചിത്വം വർദ്ധിപ്പിക്കാൻ നിർബദ്ധിതരാക്കിയിരുന്നു. ഇത് പ്ലേഗ്, വയറിളക്കം, ഡെങ്കിപ്പനി പോലെയുള്ള പല രോഗങ്ങളിൽ നിന്നുള്ള മരണങ്ങൾ 50% വരെ കുറയ്ക്കാൻ ഇടയാക്കിയെന്ന് ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു. കൊറോണ സമയത്ത് കൈവന്ന ശുചിത്വാവബോധം കൊറോണ പോകുന്നതിനൊപ്പം നമ്മിൽ നിന്ന് അകന്നു പോകുകയാണ്. 2020-ലെ സി ഡി സി റിപ്പോർട്ട് പ്രകാരം ലോകത്ത് 2.3 ബില്യൺ ആളുകൾക്ക് അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ഇല്ല. ശരിയായ ശുചിത്വ ബോധവത്കരണം ഇല്ലെങ്കിൽ 2030-ആവുമ്പോഴേക്ക് കോടിക്കണക്കിന് ആളുകൾക്ക് കുടിവെള്ളവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭിക്കില്ലെന്ന് ലോകാരോഗ്യ സംഘടന മുന്നറി യിപ്പ് നൽകിയിട്ടുണ്ട്.

കമ്പോസ്റ്റിംഗ്, ബയോഗ്യാസ് തുടങ്ങിയ മാലിന്യ നിർമ്മാർജന ഉപാ ധികൾ ഫലവത്താണെങ്കിൽ കൂടിയും അവയൊന്നും വേണ്ട രീതിയിൽ ഉപയോഗിക്കാതെ പരിസരങ്ങളെ മാലിന്യ കൂമ്പാരമാക്കി മാറ്റുകയാണ്. ഇതിനു മാറ്റമുണ്ടാവണം. റോഡരികിൽ ശുചീകരണ ബോർഡുകൾ സ്ഥാപിച്ചും ബോധവത്ക്കരണ ക്ലാസുകൾ നൽകിയും മനുഷ്യനിൽ ശുചിത്വാവബോധം സൃഷ്ടിക്കാൻ ആരോഗ്യ പ്രവർത്തകർ ശ്രമിക്കുന്നുണ്ട്. എന്നാൽ ഈ ശ്രമങ്ങൾ ഫലവത്താവുക അവയുടെ ആവശ്യകത സമൂഹം പൂർണ്ണമായി ഉൾക്കൊണ്ട് ശുചിത്വം ശീലമാക്കുമ്പോഴാണ്. പൊതു ശുചിത്വബോധം ഉത്തരവാദിത്വമായി തിരിച്ചറിഞ്ഞു കൂട്ടായ പ്രവർത്തനങ്ങളിലൂടെ നല്ലനാളെയെ വാർത്തെടുക്കാം.

- എഡിറ്റർ

# അയ്യൻകുന്നിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ചു

**ആഷ്മി തോമസ്**




*വഴിയരികിൽ സ്ഥാപിച്ച ശുചിത്വ സന്ദേശ ബോർഡ്*

ഹരിത കേരളം മിഷന്റെയും ജില്ലാ ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഓരോ ഗ്രാമ പ്രദേശവും സമ്പൂർണ്ണ ശുചിത്വത്തിലേക്ക് എത്തുന്നതിനുവേണ്ടിയുള്ള ജില്ലാ ശുചിത്വ മിഷന്റെ പരിപാടികളുടെ തുടർച്ചയായാണ് ബോർഡുകൾ സ്ഥാപിച്ചത്.

'ഗവണ്മെന്റ ആക്ട് പ്രകാരമുള്ള നാല് ബോർഡുകൾ അങ്ങാടിക്കടവ്, ആനപ്പന്തി, വാണിയപ്പാറ, എന്നീ സ്ഥലങ്ങളിലും ശുചിത്വ സന്ദേശ ബോർഡുകൾ ഓരോ വാർഡിലും സ്ഥാപിച്ചിട്ടുണ്ട്. ജനങ്ങളിൽ ശുചിത്വം പാലിക്കേണ്ടതിന്റെ അവബോധം വളർത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം'. പഞ്ചായത്ത് വി. ഇ. ഒ എസ് ഷാനിബ പറഞ്ഞു.

'മാലിന്യ നിർമാർജ്ജന രീതികൾ, ശുചിത്വ ശീലങ്ങൾ എങ്ങനെ പാലിക്കാം, മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിച്ചാൽ ലഭിക്കാവുന്ന ശിക്ഷകൾ, കൊവിഡ് മാനദണ്ഡങ്ങൾ തുടങ്ങിയവയാണ് ഓരോ ബോർഡിലും നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ കാരണം ഉണ്ടാകുന്ന മാലിന്യം സംസ്ക്കരിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്ന് ജനങ്ങളെ ഇതിലൂടെ ബോധ്യപ്പെടുത്തുന്നു'. പഞ്ചായത്ത് പ്രസിഡൻറ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

# കണ്ണിന് കുളിരേകി കാലാങ്കിത്തട്ട്

**റിയ റോയി**



യാത്രകളെ പ്രണയിക്കാത്തവരായി ആരുണ്ട്!... യാത്രകളെ മനോഹരമാക്കുന്നത് നമ്മളെ കാത്തിരിക്കുന്ന ആകർഷകമായ ലക്ഷ്യ സ്ഥാനങ്ങളുണ്ട്. കേരളത്തിൽ ഇടുക്കിയും മൂന്നാറും ആലപ്പുഴയുമെല്ലാം സഞ്ചാരികൾക്ക് പറുദീസയാവുമ്പോൾ എങ്ങുമെത്താത്ത വികസന സ്വപ്നങ്ങളുമായി സഞ്ചാരികളെ കാത്ത് കണ്ണൂരിലെ മലയോരകേന്ദ്രങ്ങൾ ഒരുപാടുണ്ട്. പാലക്കയം തട്ട്, പൈതൽമല മുതലായ പ്രദേശങ്ങൾ മലയോരത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യതകൾക്ക് വഴി തുറന്നെങ്കിലും കണ്ണിനേയും മനസ്സിനേയും കുളിരണിയിക്കുന്ന കാഴ്ചകളൊരുക്കി ഇനിയുമുണ്ട് സഞ്ചാരികളുടേയും അധികൃതരുടേയും കണ്ണെത്താത്ത സ്ഥലങ്ങൾ ഒട്ടേറെ. അതിൽ മലയോര വിനോദ സഞ്ചാര കേന്ദ്രമായി മട്ടും ഭാവവും മാറ്റാൻ ഒരുങ്ങുകയാണ് ഉളിക്കൽ പഞ്ചായത്തിലെ കാലാങ്കി ഹിൽസ്റ്റേഷൻ.

മാട്ടറയിൽ നിന്നും കാലാങ്കി മലമുകളിലേക്ക് കുടകുമലനിരകളുടെ വശ്യമായ കാഴ്ച്ചയ്ക്കൊപ്പം വളഞ്ഞുപുളഞ്ഞു നീങ്ങുന്ന പാത നമ്മെ നയിക്കുന്നത് പ്രത്യേകമായൊരു സ്വർഗീയാനുഭൂതിയിലേക്കാണ്. കോടമഞ്ഞ് മൂടിയ മലനിരകൾ, അവയെ കീറി മുറിച്ചുകൊണ്ട് ശാന്തമായി ഒഴുകുന്ന കൊച്ചരുവികൾ, ശരീരത്തെയും മനസിനേയും കുളിരണിയിച്ചുകൊണ്ട് കുടകിൽനിന്നുമെത്തുന്ന കാറ്റ്, കണ്ണൂർ എയർപ്പോർട്ടിന്റെ രാത്രി കാഴ്ച്ച, ഇരിട്ടി പുഴയുടെ ദൂരദൃശ്യം, കാട്ടുപൂക്കളുടെ വസന്തകാഴ്ച, മനോഹരമായ സൂര്യോദയം, അസ്തമയം, അങ്ങനെ കാലാങ്കി സഞ്ചാരികൾക്ക് മുന്നിൽ നിരത്തുന്നത് വൈവിധ്യമേറിയ അനുഭവങ്ങളാണ്.





കണ്ണൂർ ജില്ലയിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ മലനിരയായ കാലാങ്കി മൂന്നുഭാഗവും കർണ്ണാടക വനത്താൽ ചുറ്റപെട്ടതാണ്. അതുകൊണ്ടു തന്നെ സസ്യ ജന്തു വൈവിധ്യങ്ങളുടെ കലവറയാണിവിടം.

മുൻപ് അധികമാർക്കും അറിവില്ലാതിരുന്ന ഈ സ്ഥലത്തേക്ക് ഇപ്പോൾ ഓഫ് റോഡിങ്ങിനും വിനോദസഞ്ചാരത്തിനുമായി എത്തുന്നവർ നിരവധിയാണ്. ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങളിലൊന്നായി സർക്കാർ ഈ പ്രദേശത്തെ അംഗീകരിക്കുകയും വിനോദസഞ്ചാര വികസന പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തൊട്ടടുത്ത് പ്രവർത്തിക്കുന്ന ക്വാറികൾ ഇക്കോ ടൂറിസം എന്ന ആശയത്തിന് വെല്ലുവിളിയാകുമ്പോഴും വിനോദസഞ്ചാരം വലിയ വികസന സാധ്യതകൾ തുറന്നിടുന്നു.

'സഞ്ചാരികളെ സ്വാഗതം ചെയ്യുന്നതിനായി ടെൻഡർ അനുവദിക്കുന്ന മുറയ്ക്ക് റോഡുകളുടെ വീതി കൂട്ടുകയും വിശ്രമമുറികൾ, ഒരു ശൗചാലയ ബ്ലോക്ക്, റസ്റ്റോറന്റ് എന്നിവ നിർമ്മിക്കുകയും ചെയ്യും. കൂടാതെ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഒരു വാച്ച് ടവർ നിർമ്മിക്കുന്നതും പദ്ധതിയിലുണ്ട്. രണ്ടോ മൂന്നോ മാസത്തിനുള്ളിൽ പണി ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്'. ഉളിക്കൽ പഞ്ചായത്ത് സെക്രട്ടറി ബാബു ജോസഫ് പറഞ്ഞു.

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2000 അടി ഉയരത്തിലുള്ള കാലാങ്കി വ്യൂപോയിന്റിലേക്കും ടോപ്പ് സ്റ്റേഷനിലേക്കും കണ്ണൂരിൽ നിന്ന് ഇരിട്ടി - ഉളിക്കൽ - മാട്ടറ വഴിയും കർണാടകയിൽ നിന്ന് കൂട്ടുപുഴ - കോളിത്തട്ട് - ആനക്കുഴി വഴിയും എത്താം.

# ശൗചാലയം നിർമ്മിച്ച് നൽകി

**നിതിൻ സി ജോസഫ്**

ചരൾ : അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വികസന പദ്ധതിയുടെ ഭാഗമായി ചരൾ സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂളിൽ പുതിയ ശുചിമുറി കെട്ടിടം നിർമിച്ചു നൽകി. നാല് പുതിയ ശുചിമുറികളും കുടിവെള്ള സൗകര്യവുമാണ് യഥാർത്ഥ്യമാക്കിയത്. 1957 ൽ ആരംഭിച്ച സ്കൂളിൽ ഒന്നു മുതൽ നാലു വരെ ക്ലാസുകളി ലായി 61 കുട്ടികളും നാല് അധ്യാപകരുമാണ് നിലവിലുള്ളത്.

'വൃത്തിയുള്ള സാഹചര്യങ്ങൾ വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തുകയെന്നത് അധികാരികളുടെ കടമയാണ്. ചരൾ സെന്റ് സെബാസ്റ്റ്യൻസ് എൽ പി സ്കൂളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് പഞ്ചായത്ത് വികസന ഫണ്ട് ഉപയോഗിച്ച് പുതിയ ശുചി മുറികളും കുടിവെള്ള സൗകര്യവും ഒരുക്കിയത്'. വാർഡ് മെമ്പർ സിന്ധു ബെന്നി പറഞ്ഞു.



*ചരൾ സ്കൂളിൽ പഞ്ചായത്ത് നിർമ്മിച്ച ശൗചാലയം*

'ശുചിമുറികളുടെ എണ്ണം കുറവായതിനാൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നിരവധിയായിരുന്നു. പുതിയ അധ്യായന വർഷത്തിനു മുൻപായി അത് പരിഹരിക്കപ്പെട്ടത് ആശ്വാസ്യകരമാണ്. ആവശ്യമായ ശുചിത്വ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ വ്യക്തിശുചിത്വം വളർത്തിയെടുക്കാൻ സാധിക്കും'. സ്കൂൾ എച്ച്. എം. സുജ ആന്റെണി പറഞ്ഞു

വിശ്വാസതയുടെ 25 വർഷങ്ങൾ
നിർമ്മല ബുക്സ്
പുതിയ ബസ്സ്റ്റാന്റ് ഇരിട്ടി 9526350360
എല്ലാവിധ കോളേജ് ടെക്സ്റ്റ് ബുക്കുകളും ഗൈഡുകളും സ്കൂൾ ഗൈഡുകളും P S C മറ്റ് മത്സരപരീക്ഷാ ഗൈഡുകൾ എല്ലാവിധ ഓഫീസ് സ്റ്റേഷനറി സാധനങ്ങളും ലഭിക്കുന്ന ഇരിട്ടിയിലെ പ്രമുഖ സ്ഥാപനം





For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ഐസയ ന്യൂമെ | സബ് എഡിറ്റേഴ്സ്: ഹർഷ കെ വി, നിതിൻ സി ജോസഫ്, ലിഡിയ ജേക്കബ്, റിയ റോയി, ആഷ്മി തോമസ്, എം ജിഷ്ണ ബാലകൃഷ്ണൻ | ഫോട്ടോഗ്രാഫേഴ്സ്: കെ വി ഹർഷ , ഐസയ ന്യൂമെ | ഡിസൈൻ: നിതിൻ സി ജോസഫ്